**ചരമോപചാരം**

<u>ടി. എൻ. ചതുർവേദി, എം. കമലം, എസ്. സുന്ദരമാണിക്യം, പി. ടി. മോഹനകൃഷ്ണൻ, വി. ബാലറാം എന്നിവരുടെ നിര്യാണം</u>

**ടി. എൻ. ചതുർവേദി**

<u>മി. സ്പീക്കർ</u>: മുൻ കേരള ഗവർണർ ടി. എൻ. ചതുർവേദി 2020-ജനുവരി 5-ന് അന്തരിച്ചു. ഉത്തർപ്രദേശിലെ കനൗജിൽ 1929-ജനുവരി 18-ന് ത്രിലോക് നാഥ് ചതുർവേദി ജനിച്ചു. അലഹബാദ് സർവ്വകലാശാലയിൽനിന്നും നിയമബിരുദം നേടിയ അദ്ദേഹം 1950-ൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉദ്യോഗത്തിൽ പ്രവേശിച്ചു. ഐ.എ.എസ്.-ൽ നിന്നും വിരമിച്ചശേഷം 1984 മുതൽ 1989-വരെ ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ആയിരുന്നു. 1991-ൽ പത്മവിഭൂഷൻ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. 1992-ലും 1998-ലും രാജ്യസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 2002 മുതൽ 2007 വരെ കർണ്ണാടക ഗവർണറായിരുന്ന ടി. എൻ. ചതുർവേദി 2004 ഫെബ്രുവരി മുതൽ 2004 ജൂൺ വരെ കേരള ഗവർണറുടെ ചുമതല വഹിച്ചു. പൊതുഭരണ സംവിധാനത്തെ സംബന്ധിച്ച പുസ്തകങ്ങളുടെ രചയിതാവും എഡിറ്ററുമായിരുന്ന അദ്ദേഹം നിരവധി പ്രൊഫഷണൽ ജേർണലുകളുടെ ഉപദേശകസമിതി അംഗമായി പ്രവർത്തിച്ചിരുന്നു.

കഴിവുറ്റ ഉദ്യോസ്ഥനും മികച്ച പാർലമെന്റേറിയനും രാഷ്ട്രീയത്തിലും ഉദ്യോഗസ്ഥതലത്തിലും പണ്ഡിതനുമായിരുന്ന ഒരു മഹത് വ്യക്തിയെയാണ് ടി. എൻ. ചതുർവേദിയുടെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായത്.

**എം. കമലം**

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം. കമലം 30-01-2020-ന് അന്തരിച്ചു. 1926 ആഗസ്റ്റ് 14-ന് കേളോത്ത് കൃഷ്ണൻ-പി. കെ. ജാനകി ദമ്പതികളുടെ മകളായി ജനിച്ചു. 19-ാം വയസ്സിൽ കോഴിക്കോട് മുനിസിപ്പൽ കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ടു. വീണ്ടും രണ്ട് തവണ തെരഞ്ഞെടുക്കപ്പെട്ട എം. കമലം 1948 മുതൽ 1963 വരെ അതേ സ്ഥാനത്ത് തുടർന്നു. കൽപ്പറ്റ നിയോജകമണ്ഡലത്തിൽനിന്നും ആറും ഏഴും കേരള നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. അടിയന്തരാവസ്ഥക്കാലത്ത് സംഘടനാ കോൺഗ്രസിൽ പ്രവർത്തിച്ചിരുന്ന എം. കമലം പ്രസ്തുത പാർട്ടി ജനതാ പാർട്ടിയായപ്പോൾ കോഴിക്കോട് ജില്ലാ അദ്ധ്യക്ഷയായും സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. പിന്നീട് കോൺഗ്രസിൽ തിരികെയെത്തി. 24-05-1982 മുതൽ 25-03-1987 വരെ സഹകരണ വകുപ്പുമന്ത്രിയായി സേവനമനുഷ്ഠിച്ചു. 2002 മുതൽ 2007 വരെ സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷയായിരുന്നു.

കെ.പി.സി.സി. വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, എ.ഐ.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഏഴ് പതിറ്റാണ്ട് പൊതുരംഗത്ത് സജീവസാന്നിദ്ധ്യമായിരുന്ന എം. കമലം അറിയപ്പെട്ടുന്നൊരു പ്രാസംഗികയായിരുന്നു. അടിയന്തരാവസ്ഥക്കാലത്ത് സ്വീകരിച്ച നിലപാടുകളെ തുടർന്ന് ജയിൽവാസം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഗാന്ധിജി, ജവഹർലാൽ നെഹ്റു തുടങ്ങിയ മഹദ് വ്യക്തിത്വങ്ങളെ നേരിട്ട് കാണുവാനും സംസാരിക്കാനും കഴിഞ്ഞിട്ടുള്ള എം. കമലം അക്കാലത്തെ ദേശീയ നേതാക്കളുമായി ഉറ്റബന്ധം പുലർത്തിയിരുന്നു. വനിതാ കമ്മീഷൻ അദ്ധ്യക്ഷയായിരിക്കെ സ്ത്രീ ശാക്തീകരണത്തിനുതകുന്ന നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വനിതകൾ സാമൂഹിക രാഷ്ട്രീയ രംഗത്ത് താരതമ്യേന കുറവായിരുന്ന കാലത്ത് പ്രസ്തുത മേഖലകളിലേയ്ക്ക് ധൈര്യപൂർവ്വം കടന്നുവന്ന വ്യക്തിത്വമായിരുന്നു എം. കമലം. പൊതുരംഗത്ത് കർമ്മനിരതയായി നിന്ന മികച്ചൊരു സംഘാടകയെയും അനുഭവസമ്പത്തുള്ളതും വാഗ്മിയുമായ ഒരു നേതാവിനെയുമാണ് എം. കമലത്തിന്റെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## എസ്. സുന്ദരമാണിക്യം

മുൻ നിയമാസഭാംഗം എസ്. സുന്ദരമാണിക്യം 13-12-2019-ന് നിര്യാതനായി. മൂന്നാറിലെ തെന്മല എസ്റ്റേറ്റിൽ ശബരിമുത്തു-മാരിയമ്മ ദമ്പതികളുടെ മകനായി 1940-ൽ ജനിച്ചു. 1958-ൽ സജീവ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ച അദ്ദേഹം തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും മാതൃകാപരമായ പ്രവർത്തനം നടത്തി. സി.പി.ഐ.(എം) ഇടുക്കി ജില്ലാ സെക്രട്ടേറിയേറ്റ് അംഗം, സി.ഐ.ടി.യു. സംസ്ഥാന കമ്മിറ്റി അംഗം, എം.ജി. യൂണിവേഴ്സിറ്റി സെനറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1987-ൽ ദേവികുളം മണ്ഡലത്തെ പ്രതിനിധീകരിച്ച് 8-ാം കേരള നിയമസഭയിലെത്തി. പൊതുപ്രവർത്തകൻ, ജനപ്രതിനിധി എന്നീ നിലകളിൽ സാധാരണക്കാരുടെ സ്നേഹവും ആദരവും നേടിയ നേതാവായിരുന്നു എസ്. സുന്ദരമാണിക്യം. എസ്. സുന്ദരമാണിക്യത്തിന്റെ നിര്യാണത്തോടെ മികവുറ്റ ഒരു പൊതുപ്രവർത്തകനെയും, ട്രേഡ് യൂണിയൻ നേതാവിനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## പി. ടി. മോഹനകൃഷ്ണൻ

മുൻ കേരള നിയമസഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന പി.

ടി. മോഹനകൃഷ്ണൻ 10-01-2020-ന് അന്തരിച്ചു. കെ. പി. ഗോവിന്ദമേനോന്റെയും അന്നപൂർണേശ്വരി അമ്മയുടെയും മകനായി 1935 മാർച്ച് 27-ന് ജനിച്ചു. വെളിയങ്കോട് ഗവൺമെന്റ് ഹൈസ്കൂൾ, മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽനിന്നും പഠനം പൂർത്തിയാക്കി. 1965-ൽ എ.ഐ.സി.സി., അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. അക്കാലത്തെ ഏറ്റവും പ്രായം കുറഞ്ഞ എ.ഐ.സി.സി. അംഗമായിരുന്ന അദ്ദേഹം. എട്ടാം കേരള നിയമസഭയിൽ പൊന്നാനി മണ്ഡലത്തെ പ്രതിനിധീകരിച്ചു. ബാംബൂ കോർപ്പറേഷൻ ചെയർമാൻ, ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാൻ, കെ.പി.സി.സി. നിർവാഹക സമിതി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാനായിരിക്കെ അദ്ദേഹം നടത്തിയ സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾ ഗുരുവായൂരിനെ കേരളത്തിലെ പ്രധാന സാംസ്കാരിക കേന്ദ്രമാക്കി മാറ്റി. സിനിമാമേഖലയിലും സജീവമായിരുന്ന പി. ടി. മോഹനകൃഷ്ണൻ രണ്ട് ചലച്ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

പി. ടി. മോഹനകൃഷ്ണന്റെ നിര്യാണത്തോടെ രാഷ്ട്രീയരംഗത്തും സാംസ്കാരികരംഗത്തും ഒരുപോലെ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ജനകീയ നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## വി. ബാലറാം

മുൻ കേരള നിയമസഭാംഗം വി. ബാലറാം 18-01-2020-ന് അന്തരിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി, ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. 1947 നവംബർ 10-ന് ടി. രാമൻ നായരുടെയും ചിന്നമ്മു അമ്മയുടെയും മകനായി ജനിച്ചു. നിയമ ബിരുദധാരിയായ അദ്ദേഹം കെ.എസ്.യു.-വിലൂടെയാണ് പൊതുപ്രവർത്തനരംഗത്തേക്ക് ചുവടുവയ്ച്ചത്. കെ.എസ്.യു. തൃശ്ശൂർ ജില്ലാ പ്രസിഡന്റ്, ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, എ.ഐ.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1996, 2001 എന്നീ വർഷങ്ങളിൽ വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും യഥാക്രമം പത്ത്, പതിനൊന്ന് കേരള നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഖാദി ബോർഡ് വൈസ് ചെയർമാൻ, ഗുരുവായൂർ ദേവസ്വം ചെയർമാൻ, തൃശ്ശൂർ ഭൂപണയ ബാങ്ക് പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിരുന്നു. വി. ബാലറാമിന്റെ നിര്യാണത്തോടെ സൗമ്യവും ഹൃദ്യവുമായ ഇടപെടലുകളിലൂടെ സഹപ്രവർത്തകരുടെയും ജനങ്ങളുടെയും പ്രീതി ആർജിച്ച ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

പരേതരുടെ സ്മരണയ്ക്കായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)